ഹയർ സെക്കണ്ടറി പ്രവേശനത്തിന് അനുവദിച്ചിട്ടുള്ള റിസർവേഷൻ

125 (1435) ശ്രീ. ഡി. സുഗതൻ :
ശ്രീമതി രാധാരാഘവൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശനത്തിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം അനുവദിച്ചിട്ടുണ്ട് ;

(ബി) ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള റിസർവേഷൻ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ/എയ്ഡഡ് ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട സമുദായക്കാർ നടത്തുന്ന എയ്ഡഡ് എന്നീ വിഭാഗത്തിൽപ്പെടുന്ന ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശനത്തിനുള്ള മാനദണ്ഡം താഴെ പറയുന്ന തരത്തിലാണ്.

സർക്കാർ സ്കൂളുകൾ

ഓപ്പൺ മെറിറ്റ്	-	60%
ഈഴവ	-	8%
മുസ്ലീം	-	7%
ലാറ്റിൻ/എസ്.ഐ.യുസി	-	1%
മറ്റ് പിന്നോക്ക ക്രിസ്ത്യൻ സമുദായം	-	1%
മറ്റ് പിന്നോക്ക ഹിന്ദു സമുദായം	-	3%
പട്ടികജാതി	-	12%
പട്ടികവർഗ്ഗം	-	8%

പ്രൈവറ്റ് എയ്ഡഡ് സ്കൂളുകൾ

ഓപ്പൺ മെറിറ്റ്	-	50%
മാനേജ്മെന്റ് കോട്ട	-	30%
പട്ടികജാതി	-	12%
പട്ടികവർഗ്ഗം	-	8%

LIBRARY ARCHIVES Kerala Legislative Assembly

പ്രൈവറ്റ് എയ്ഡഡ്, ന്യൂനപക്ഷ പിന്നോക്കസമുദായങ്ങൾ നടത്തുന്ന സ്കൂളുകൾ

ഓപ്പൺ മെറിറ്റ്	-	40%
മാനേജ്മെന്റ് കോട്ട	-	40%
പട്ടികജാതി	-	12%
പട്ടികവർഗ്ഗം	-	8%

ഓപ്പൺ മെറിറ്റിൽ 5 ശതമാനം സ്പോർട്സ് കോട്ടയ്ക്കും 3 ശതമാനം വികലാംഗർക്കും നീക്കി വച്ചിട്ടുണ്ട്. ഈ മൂന്ന് ശതമാനത്തിൽ 1 ശതമാനം അന്ധവിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇതിന് പുറമേ ഭാഷാ ന്യൂനപക്ഷങ്ങൾക്കായി തിരുവനന്തപുരം നഗരം, ഇടുക്കി ജില്ല, ചിറ്റൂർ താലൂക്ക്, പാലക്കാട് ടൗൺ, മഞ്ചേശ്വരം, കാസർകോട്, ഉദുമ എന്നീ പ്രദേശങ്ങളിലെ സ്കൂളുകളിൽ 5 ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

ഹയർ സെക്കണ്ടറി സ്കൂളുകൾ

126 (1436) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം പുതിയതായി അൺ എയ്ഡഡ് മേഖലയിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എത്ര എണ്ണം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ ; ഇവരിൽ ഗസ്റ്റ് ലക്ചർമാരായി എത്ര പേർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്യുന്ന ഗസ്റ്റ് ലക്ചറർമാരുടെ വേതനം എത്രയാണ് ;

(ഡി) സ്ഥിരം തസ്തികകളിൽ ഗസ്റ്റ് ലക്ചറർമാരെ തുടർച്ചയായി നിയമിക്കുന്നത് ശരിയായ നടപടിയാണോ ; പ്രസ്തുത തസ്തികകളിൽ പി.എസ്.സി.യിൽ നിന്ന് നിയമനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ.

(ബി) 1725 പേർ. ഇവരിൽ ഗസ്റ്റ് ലക്ചറർമാർ ഉൾപ്പെടുന്നില്ല. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതിനുള്ള ചുമതല അതാത് സ്കൂളിലെ പ്രിൻസിപ്പൽമാർക്ക് ആതിനാൽ അത്തരം ഗസ്റ്റ് ലക്ചറർമാരുടെ കൃത്യമായ എണ്ണം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly